**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

11.01.2022

പത്രക്കുറിപ്പ്

# 'പുഴയൊഴുകും മാണിക്കൽ' സംസ്ഥാനത്തെ മാതൃകാപദ്ധതിയാക്കും: മന്ത്രി ജി.ആർ.അനിൽ

- **പദ്ധതിയുടെ ലോഗോ മന്ത്രി പ്രകാശനം ചെയ്തു.**
- **15 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ചു**

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച പുഴയൊഴുകും മാണിക്കൽ പദ്ധതി വൻ ജനപങ്കാളിത്തത്തോടെ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ.അനിൽ. പുഴ മാലിന്യ രഹിതമാക്കൽ, കൃഷി വീണ്ടെടുക്കൽ, ഗ്രാമീണ ടൂറിസം നടപ്പാക്കൽ, പ്രഭാത സായാഹ്ന സവാരി പാതകൾ സൃഷ്ടിക്കൽ, നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ നടപ്പിലാക്കൽ തുടങ്ങി വ്യത്യസ്ത ഘടകങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര പദ്ധതിയായ പുഴയൊഴുകും മാണിക്കലിനെ സംസ്ഥാനത്തെ മാതൃകാപദ്ധതിയായി മാറ്റും. പദ്ധതി അവലോകനത്തിനായി സെക്രട്ടേറിയേറ്റിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിൽ തടസ്സങ്ങളില്ലാത്ത സ്ഥലങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ആദ്യം പൂർത്തിയാക്കണമെന്നും പ്രദേശത്ത് നേരിട്ടെത്തി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും യോഗത്തിൽ പങ്കെടുത്ത ജലവിഭവം, വനം, ടൂറിസം, മണ്ണ്സംരക്ഷണം, തൊഴിലുറപ്പ് പദ്ധതി തുടങ്ങി വകുപ്പ് ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി. പദ്ധതി നടത്തിപ്പിനായി എം.എൽ.എ. ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി അറിയിച്ചു. പുഴവീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾക്കൊപ്പം സുസ്ഥിരമായി അത് നിലനിർത്താനുള്ള പദ്ധതികളും തുടക്കത്തിലേ തന്നെ ആസൂത്രണം ചെയ്യുമെന്ന് പദ്ധതിയെക്കുറിച്ച് വിശദീകരിച്ച് നവകേരള കർമ്മപദ്ധതി കോർഡിനേറ്റർ ഡോ. ടി. എൻ.സീമ പറഞ്ഞു. ഗ്രാമീണ ടൂറിസത്തിന് മികച്ച ഉദാഹരണമായി പദ്ധതി മാറുമെന്നും ഡോ.ടി.എൻ. സീമ അഭിപ്രായപ്പെട്ടു. യോഗത്തിൽ വിവിധ വകുപ്പുകൾ നൽകിയ നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുമെന്നും യോഗത്തിൽ സംബന്ധിച്ച മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ പറഞ്ഞു. പുഴയൊഴുകും മാണിക്കൽ പദ്ധതി കോർഡിനേറ്റർ ജി. രാജേന്ദ്രൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലേഖ കുമാരി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ സുരേഷ്കുമാർ, അനിൽകുമാർ, സഹീറത്ത് ബീവി, പഞ്ചായത്ത് സെക്രട്ടറി, ഹരിതകേരളം മിഷനിലേയും വിവിധ വകുപ്പുകളിലേയും സംസ്ഥാനതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

മാണിക്കൽ പ്രദേശത്ത് വേളാവൂർ തോട് എന്നറിയപ്പെടുന്ന പുഴയുമായി ബന്ധിപ്പിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര പദ്ധതിയാണ് പുഴയൊഴുകും മാണിക്കൽ. മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിലാണ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. നിലവിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഈ പുഴയും അനുബന്ധ ഭൂപ്രദേശങ്ങളും വീണ്ടെടുക്കുകയും പ്രദേശവാസികളുടെ സാമ്പത്തിക വികസനവും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഹരിതകേരളം മിഷന്റെ ജനകീയ നീർച്ചാൽ വീണ്ടെടുപ്പ് യജ്ഞമായ ഇനി ഞാനൊഴുകട്ടെയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ
9895882812

 റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

F1652